87 (1313) കായംകുളം മണ്ഡലത്തിലെ പട്ടയ വിതരണം

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ വിതരണം ചെയ്യേണ്ട പട്ടയങ്ങൾ നൽകാൻ നടപടി സ്വീകരിക്കുമോ;

(ബി) പട്ടയ വിതരണത്തിന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി തന്നെ പങ്കെടുക്കുന്നതിനു നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ),(ബി)&(സി) ഉടനെ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

88 (1314) കൈവശ കൃഷിക്കാർക്ക് പട്ടയം

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ചീമേനി വില്ലേജിൽ മിച്ചഭൂമിയിൽ താമസിച്ചു വരുന്ന കൈവശ കൃഷിക്കാർക്ക് പട്ടയം നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ റവന്യൂ വകുപ്പ് അധികൃതർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദ വിവരം അറിയിക്കുമോ?

ഉത്തരം

(എ),(ബി)&(സി) പ്രസ്തുത മിച്ചഭൂമിയിലെ കൈവശക്കാർക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. സീലിംഗ് കേസുകളിലെ പുനഃപരിശോധനാധികാരം സംസ്ഥാന ലാന്റ് ബോർഡിന് കൂടി ബാധകമാക്കിക്കൊണ്ട് കേരള ഭൂപരിഷ്കരണ നിയമത്തിൽ ഭേദഗതി വരുത്തിയാൽ മാത്രമേ ഈ വിഷയത്തിൽ പൂർണ്ണമായ പരിഹാരം ലഭ്യമാവുകയുള്ളൂ. പ്രസ്തുത ഭേദഗതി കൊണ്ടു വരുന്നതോടൊപ്പം കൈവശത്തിന്റെ സ്വഭാവം, കുടിയായ്മയും, ഭൂമി പതിവും സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾ എന്നിവ കൂടി കണക്കിലെടുത്ത് മാത്രമേ ഈ വിഷയത്തിൽ തീരുമാനമെടുക്കാൻ സാദ്ധ്യമാകുകയുള്ളൂ. പ്രസ്തുത ഭേദഗതി നിർദ്ദേശമടക്കം, മേൽപ്പറഞ്ഞ പ്രശ്നത്തിന്റെ നിയമ വശങ്ങൾ സർക്കാർ പരിശോധിച്ചു വരികയാണ്.

89 (1315) സ്യൂട്ട് സെല്ലുകൾ

ശ്രീ. പി. രാജു :

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :

ശ്രീമതി ആർ. ലതാദേവി :

ശ്രീ കെ.പി. രാജേന്ദ്രൻ :

ശ്രീ. സി.എൻ. ജയദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി.എൻ. ജയദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂവകുപ്പുമായി ബന്ധപ്പെട്ട കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് സ്യൂട്ട് സെല്ലുകൾ രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര സെല്ലുകൾ രൂപീകരിച്ചു: എവിടെയെല്ലാം;

(സി) ഈ സെല്ലുകൾ രൂപീകരിച്ചതിനുശേഷം എത്ര കേസ്സുകൾ കൈകാര്യം ചെയ്തിട്ടുണ്ടെന്നു വെളിപ്പെടുത്തുമോ;

(ഡി) ഈ സെല്ലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നു വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ലാന്റ് റവന്യൂ കമ്മീഷണറുടെ ഓഫീസിലും, എല്ലാ ജില്ലാ കളക്ടറേറ്റുകളിൽ ഓരോന്നു വീതവും ആയി ആകെ 15 സെല്ലുകൾ രൂപീകരിച്ചു.

(സി) 15641 കേസ്സുകൾ.

(ഡി) സ്യൂട്ട് സെല്ലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. ഹൈക്കോടതിയിൽ തീർപ്പുകൽപ്പിക്കാതെ കിടക്കുന്നതും ലാന്റ് റവന്യൂ കമ്മീഷണർ കക്ഷിയായിട്ടുള്ളതുമായ കേസ്സുകളുടെ ഒരു ലിസ്റ്റ് തയ്യാറാക്കി ടി ലിസ്റ്റ് ഹൈക്കോടതിയിലെ ലിസ്റ്റുമായി ഒത്തുനോക്കി, തീർപ്പാകാതെ കിടക്കുന്ന കേസ്സുകൾ ത്വരിതഗതിയിൽ തീർപ്പുണ്ടാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

2. വിവിധ കോടതികളിൽ നിലവിലുള്ള കേസ്സുകളുടെ ജില്ലാതല ലിസ്റ്റ് ജില്ലകളിൽനിന്നും ശേഖരിച്ച് അവ ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ അവലോകനം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

3. സർക്കാർ കക്ഷിയായിട്ടുള്ള കേസുകളുമായി ബന്ധപ്പെട്ട് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാർ അഡ്വക്കറ്റ് ജനറലിന്റെ ഓഫീസിൽ പോയി ബന്ധപ്പെട്ട സർക്കാർ വക്കീലന്മാരുമായി ചർച്ചനടത്തി സത്യവാങ്മൂലം ഹാജരാക്കേണ്ട കേസ്സുകളിൽ സർക്കാർ വക്കീലിന്റെ നിർദ്ദേശപ്രകാരം സത്യവാങ്മൂലം ഫയൽ ചെയ്യുന്നു. കൂടാതെ അസ്സൽ പരാതികളുടെ പകർപ്പ് കിട്ടിയിട്ടില്ലാത്തതിന്റെ പകർപ്പ് ശേഖരിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നു.

4. കമ്മീഷണറേറ്റിലെ വിവിധ സെക്ഷനുകളിൽ തയ്യാറാക്കുന്ന വസ്തുതാ പത്രിക പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തി കോടതിയിൽ അയയ്ക്കുന്നു. അങ്ങനെ കോടതി കേസ്സുകൾ ത്വരിതഗതിയിൽ തീർപ്പാക്കുന്ന കാര്യത്തിൽ വേണ്ടത്ര കാര്യക്ഷമതയോടെ പ്രവർത്തിക്കുന്നു.

എല്ലാ ജില്ലകളിലുമുള്ള സ്യൂട്ടു സെല്ലുകളും ഇപ്രകാരം കേസ്സുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

90 (1316) സർവ്വേ അദാലത്തുകൾ

ശ്രീ. കെ. പ്രകാശ് ബാബു :

LIBRARY ARCHIVES Kerala Legislative Assembly